

**കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
[സി.പി.ഐ.(എം) – കുറ്റ്യാടി]

ശ്രീ. മൊയ്തുവിന്റെയും ശ്രീമതി മറിയത്തിന്റെയും മകനായി 1951 മേയ് 15-ാം തീയതി കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി എന്ന സ്ഥലത്ത് ജനിച്ചു; എസ്.എസ്.എൽ.സി., റ്റി.റ്റി.സി.; അധ്യാപകൻ.

**വഹിച്ച സ്ഥാനങ്ങൾ**

കെ.എസ്.വൈ.എഫ്.: വടകര താലൂക്ക് കമ്മിറ്റി അംഗം, ജില്ലാ കമ്മിറ്റി അംഗം.

ഡി.വൈ.എഫ്.ഐ. ജില്ലാ കമ്മിറ്റി അംഗം.

സി.പി.ഐ.(എം): കോഴിക്കോട് ജില്ലാ സെക്രട്ടേറിയറ്റ് അംഗം.

കുറ്റ്യാടി ഗ്രാമപഞ്ചായത്ത്: പ്രസിഡന്റ് (1988–1995), പഞ്ചായത്ത് അംഗം (1995–2000).

കോഴിക്കോട് ജില്ലാ പഞ്ചായത്ത്: അംഗം (2000–2003), സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (2003–2005), പ്രസിഡന്റ് (2005–2010).

കുറ്റ്യാടി പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് : ഡയറക്ടർ (1980–1982), വൈസ് പ്രസിഡന്റ് (1982–1985), പ്രസിഡന്റ് (1985–1996).

കക്കട്ടിൽ റൂറൽ ബാങ്ക് പ്രസിഡന്റ് (1995–2005), ഹജ്ജ് കമ്മിറ്റി അംഗം (2009–2012), തൃശ്ശൂർ കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ അംഗം (2017–2019), കേരള കർഷക സംഘം സംസ്ഥാന കമ്മിറ്റി അംഗം, ജില്ലാ പ്രസിഡന്റ്, സുരക്ഷാ പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ കോഴിക്കോട് ജില്ലാ ചെയർമാൻ, ഹരിതകേരളം സംയോജിത കൃഷി ജില്ലാ സമിതി ചെയർമാൻ, കുറ്റ്യാടി സഹകരണ കോളേജ് (എഡ്യുകോസ്) ചെയർമാൻ, കുറ്റ്യാടി സ്നേഹ സ്പർശം ഡയാലിസിസ് സെന്റർ ചീഫ് കോ-ഓഡിനേറ്റർ.

1976-ൽ അടിയന്തരാവസ്ഥ കാലത്ത് സി.പി.ഐ.(എം) ലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ചു. മരുതോങ്കര ജാനകിക്കാട് കൈവശ കൃഷിക്കാരുടെ സമരം, മരുതോങ്കര സെന്റർ മുക്ക് കൈവശ കൃഷിക്കാരുടെ സമരം, കാവിലുമ്പാറ ചീരോത്തുകുളം വനസംരക്ഷണ സമരം, പശുക്കടവ് വനസംരക്ഷണ സമരം എന്നിവയ്ക്ക് നേതൃത്വം നൽകി. 1986-ൽ മന്ത്രിമാരെ തടയൽ സമരത്തിന്റെ ഭാഗമായി ദിവസങ്ങളോളം ജയിൽവാസം അനുഷ്ഠിക്കുകയും ഡി.വൈ.എഫ്.ഐ.-യുടെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സംഘടിപ്പിച്ച കാൽനട യാത്രയിൽ പങ്കെടുക്കുകയും ചെയ്തു.

നിലവിൽ കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡവലപ്മെന്റ് ബാങ്ക് ഡയറക്ടർ (2020 മുതൽ).

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിന്നും 2021-ൽ 15-ാം കേരള നിയമസഭയിലേക്ക് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| അറിയാവുന്ന ഭാഷകൾ | : | മലയാളം, ഇംഗ്ലീഷ് |
| ഭാര്യ | : | ശ്രീമതി ആസിയ |
| കുട്ടികൾ | : | ശ്രീ. ഷെരിക് അഹമ്മദ്<br>ശ്രീമതി ഷബ്ന അൻസാർ<br>ശ്രീ. ഷഫീക് അഹമ്മദ് |
| സന്ദർശിച്ച വിദേശ രാജ്യങ്ങൾ | : | ചൈന, യു.എ.ഇ., ശ്രീലങ്ക |
| ശീലങ്ങൾ | : | വായന, യാത്ര |
| സ്ഥിരമേൽവിലാസം | : | കെ.പി. ഹൗസ്, വയനാട് റോഡ്,<br>കുറ്റ്യാടി പി.ഒ., കോഴിക്കോട്-673 508 |
| ഇ-മെയിൽ | : | kunhammadkuttykpmla@gmail.com<br>kunhammadkuttykp@gmail.com |

**ടെലിഫോൺ നമ്പർ**

| | | |
|---|---|---|
| താമസ സ്ഥലം | : | 0496-2596466 |
| ഓഫീസ് | : | 0471-2512344 |
| മൊബൈൽ | : | 94007 96466 |

**തെരഞ്ഞെടുപ്പ് ഫലം**

| | | |
|---|---|---|
| സമ്മതിദായകർ | : | 2,02,518 |
| വോട്ടു ചെയ്തവർ | : | 1,69,779 |
| ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ [സി.പി.ഐ.(എം)] | : | 80,143 |
| ശ്രീ. പാറക്കൽ അബ്ദുള്ള (ഐ.യു.എം.എൽ.) | : | 79,810 |
| ശ്രീ. പി. പി. മുരളി മാസ്റ്റർ (ബി.ജെ.പി.) | : | 9,139 |